സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 ഏപ്രിൽ 10 തിങ്കൾ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## എലത്തൂർ തീവണ്ടി ആക്രമണം

# കേരള പോലിസ്, അന്വേഷണത്തോട് സഹകരിക്കുന്നില്ലെന്ന് കേന്ദ്ര ഏജൻസികൾ

കൊച്ചി: എലത്തൂർ ട്രെയിൻ ആക്രമണ കേസിൽ കേരള പോലിസിനെതിരേ കേന്ദ്ര അന്വേഷണ ഏജൻസികൾ. സംഭവത്തിൽ പോലിസിന് ഗുരുതര വീഴ്ച സംഭവിച്ചുവെന്നാണ് കേന്ദ്ര ഏജൻസികളുടെ റിപ്പോർട്ട്. അന്വേഷണവുമായി കേരള പോലിസ് സഹകരിക്കുന്നില്ലെന്നും പരാതിയുണ്ട്.



പോലിസിന്റെ പിഴവുകൾ അക്കമിട്ടു നിരത്തിയാണ് എൻ.ഐ.എ റിപ്പോർട്ട്. ട്രാക്കിൽ നിന്നും ലഭിച്ച ബാഗ് പരസ്യമായി പരിശോധിച്ചത് തെറ്റാണ്. പ്രാഥമിക പരിശോധനകൾ വൈകിപ്പിച്ചത് പോലിസിന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റാണെന്ന് റിപ്പോർട്ടിൽ പറയുന്നു. പ്രതിയുടെ വൈദ്യ പരിശോധനയിൽ ദൃശ്യമാധ്യമത്തിന് പ്രവേശനം നൽകിയത് പിഴവാണെന്നും തീവ്രവാദ കേസ് അന്വേഷണത്തിലെ മാർഗ നിർദേശങ്ങൾ പാലിച്ചില്ലെന്നും കേന്ദ്ര ഏജൻസികൾ കുറ്റപ്പെടുത്തുന്നുണ്ട്. ട്രെയിനിലും ട്രാക്കിലും പരിശോധന വൈകിപ്പിച്ചതായും ആരോപണമുണ്ട്. ട്രെയിനിൽ സംയുക്ത പരിശോധന നടന്നില്ല. ബാഗ് ട്രാക്കിൽ നിന്ന് ലഭിച്ചത് പിറ്റേന്ന് രാവിലെയാണെന്നും കേന്ദ്ര ഏജൻസികളുടെ റിപ്പോർട്ടിൽ വിമർശിക്കുന്നു. പോലിസ് സംഭവം ഗൗരവമായി എടുത്തില്ലെന്നും കേന്ദ്ര ഏജൻസികളുടെ മുന്നറിയിപ്പ് അവഗണിച്ചെന്നും കേന്ദ രഹസ്യാന്വേഷണ വിഭാഗവും കുറ്റപ്പെടുത്തി.

## മോദിയുടെ ബിരുദസർട്ടിഫിക്കറ്റ്: ചർച്ചകൾ അനാവശ്യമെന്ന് ശരദ് പവാർ

ന്യൂഡൽഹി: പ്രതിപക്ഷ നിരയിൽ വീണ്ടും എതിർശബ്ദമായി എൻ.സി.പി നേതാവ് ശരദ്പവാർ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബിരുദ സർട്ടിഫിക്കറ്റാണോ രാജ്യം നേരിടുന്ന പ്രധാനവിഷയമെന്ന് അദ്ദേഹം മാധ്യമപ്രവർത്തകരോട് ചോദിച്ചു. വിലക്കയറ്റവും തൊഴിലില്ലായ്മയും ആണ് പ്രതിപക്ഷം ചർച്ചയാക്കേണ്ടത്. പ്രധാനമന്ത്രിയുടെ ബിരുദ സർട്ടിഫിക്കറ്റിനെ കുറിച്ചുള്ള ചർച്ചകൾ അനാവശ്യമെന്നും പവാർ പറഞ്ഞു. നിങ്ങളുടെ ബിരുദം ഏതാണ്, നിങ്ങളുടെ ബിരുദം ഏതാണ് എന്ന ചോദ്യമാണ് ഇപ്പോൾ നിരന്തരം ചോദിച്ചുകൊണ്ടിരിക്കുന്നത്. ഇതൊക്കെയാണ് ഇപ്പോഴത്തെ രാഷ്ട്രീയ പ്രശ്നങ്ങൾ. തൊഴിലില്ലായ്മ, വിലക്കയറ്റം, ക്രമസമാധാനം തുടങ്ങി നിരവധി കാര്യങ്ങളിൽ കേന്ദ്ര സർക്കാരിനെ വിമർശി



ക്കൂ. മതം, ജാതി അടിസ്ഥാനത്തിൽ ജനങ്ങൾക്കിടയിൽ വേർതിരിവ് ഉണ്ടാക്കുന്നത്, മഹാരാഷ്ട്രയിൽ കാലംതെറ്റി പെയ്ത മഴയിൽ കഷ്ടപ്പെടുന്ന കർഷകർ, ഇത്തരം കാര്യങ്ങളൊക്കെ നമുക്ക് ചർച്ചചെയ്യേണ്ടതുണ്ട്', ശരത് പവാർ പറഞ്ഞു. നേരത്തേ അദാനി വിഷയത്തിൽ രാഹുൽ ഗാന്ധിയെ തള്ളി ഹിൻഡൻ ബർഗിനെതിരേ വിമർശനവുമായിട്ടായിരുന്നു കഴിഞ്ഞ ദിവസം ശരദ് പവാർ രംഗത്തെത്തിയത്. ഹിൻഡൻ ബർഗ് റിപ്പോർട്ട് പ്രത്യേക ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു. അദാനിക്കെതിരേ ജെ.പി.സി അന്വേഷണം വേണമെന്ന കോൺഗ്രസ് നിലപാടിനോട് യോജിപ്പില്ലെന്നും പവാർ പറഞ്ഞിരുന്നു. അതേസമയം, എൻ.സി.പി നേതാവ് അജിത് പവാറും ഇതേ നിലപാടുമായി രംഗത്ത് വന്നിരുന്നു. ബിരുദ സർട്ടിഫിക്കറ്റ് നോക്കിയല്ല ജനങ്ങൾ മോദിക്ക് വോട്ട് ചെയ്തതെന്നായിരുന്നു അജിത്തിന്റെ പരാമർശം. അദാനി വിഷയത്തിലും കേന്ദ്രസർക്കാരിനും ബി.ജെ.പക്കും അനുകൂലമായ നിലപാടാണ് എൻ.സി.പി എടുത്തത്. പ്രതിപക്ഷ നിരയിൽ നിന്ന് ഉദ്ധവ് താക്കറെ, അരവിന്ദ് കെജ്രിവാൾ അടക്കമുള്ള നിരവധി നേതാക്കൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബിരുദവുമായി ബന്ധപ്പെട്ട് സംശയമുയർത്തിയിരുന്നു.

## യാത്രക്കാരൻ മോശമായി പെരുമാറി: ഡൽഹി– ലണ്ടൻ എയർ ഇന്ത്യ വിമാനം തിരിച്ചിറക്കി

ന്യൂഡൽഹി: ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പറന്ന എയർ ഇന്ത്യ വിമാനം യാത്രക്കാരന്റെ മോശം പെരുമാറ്റത്തെത്തുടർന്ന് തിരിച്ചിറക്കി. തിങ്കളാഴ്ച രാവിലെ 6.35ന് ഡൽഹിയിൽ നിന്ന് ലണ്ടനിലേക്ക് പോകുകയായിരുന്ന വിമാനത്തിലെ യാത്രക്കാരനാണ് ജീവനക്കാരോട് തട്ടിക്കയറിയത്. ഇയാൾ ജീവനക്കാരുമായി തർക്കത്തിൽ ഏർപ്പെടുകയും ശാരീരികമായി ആക്രമിക്കുകയും ചെയ്തതായി എയർ ഇന്ത്യ ഡൽഹി എയർപ്പോർട്ട് പോലിസിൽ പരാതി നൽകി. ഇയാളെ പോലിസിന് കൈമാറി. യാത്രക്കാരന്റെ മോശം പെരുമാറ്റത്തെ തുടർന്ന് വിമാനം തിരിച്ചിറക്കിയതിൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടായതിൽ ക്ഷമ ചോദിക്കുന്നതായി എയർ ഇന്ത്യ പ്രസ്താവനയിറക്കി. വിമാനം ഉച്ചയ്ക്കുശേഷം ലണ്ടനിലേക്ക് സർവീസ് നടത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചു.

## രാഹുൽഗാന്ധിയുടെ വയനാട് സന്ദർശനം നാളെ; വൻ സ്വീകരണമൊരുക്കാൻ കെ.പി.സി.സി

കോഴിക്കോട്: രാഹുൽ ഗാന്ധിക്ക് ഗംഭീര സ്വീകരണം ഒരുക്കാൻ കെ.പി.സി.സി. എം.പി സ്ഥാനത്ത് നിന്ന് അയോഗ്യനാക്കപ്പെട്ടതിന് ശേഷമുള്ള ആദ്യ വയനാട് സന്ദർശനത്തിനായി നാളെ രാഹുൽ ഗാന്ധി കേരളത്തിലെത്തും. വയനാട്, കോഴിക്കോട് മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നുള്ള പ്രവർത്തകരെ അണിനിരത്തി വൻ റാലിയാണ് സംഘടിപ്പിക്കാനൊരുങ്ങുന്നത്. എ.ഐ.സിസി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ, കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങി സംസ്ഥാന കോൺഗ്രസിലെ മുതിർന്ന നേതാക്കളെല്ലാം നാളത്തെ വയനാട്ടിലെ പൊതുസമ്മേളനത്തിൽ പങ്കെടുക്കും. നാളെ രാഹുൽഗാന്ധിക്കൊപ്പം പ്രിയങ്കാ ഗാന്ധിയും വയനാട്ടിൽ എത്തുന്നുണ്ട്. നാളെ ഉച്ചക്ക് രണ്ട് മണിയോടെ ഡൽഹിയിൽ നിന്നും വിമാനത്തിൽ കണ്ണൂരിലെത്തുന്ന രാഹുൽ ഗാന്ധി തുടർന്ന് ഹെലികോപ്റ്റർ മാർഗം വയനാട്ടിലേക്ക് തിരിക്കും. മൂന്ന് മണിയോടെ കൽപ്പറ്റ എസ്.കെ.എം.ജെ സ്കൂളിൽ ഹെലികോപ്റ്റർ ഇറങ്ങുന്ന രാഹുൽഗാന്ധി തുടർന്ന് റാലിയിൽ പങ്കെടുക്കും. 3.30നാണ് കൽപ്പറ്റ കൈനാട്ടിയിൽ പൊതുസമ്മേളനം ആരംഭിക്കുക. പൊതുസമ്മേളനം രാഹുൽഗാന്ധി ഉദ്ഘാടനം ചെയ്യും. രാഹുൽഗാന്ധിയുടെ പാർലമെന്റ് അംഗത്വം റദ്ദാക്കിയ നടപടികൾക്കെതിരേ ബൂത്തുതലം മുതൽ ആയിരക്കണക്കിന് പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുക്കും. വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള പ്രവർത്തകരും, പാലക്കാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്നുമുള്ള പ്രതിനിധികളും റോഡ്ഷോയിലും സമ്മേളനത്തിലും പങ്കെടുക്കും.




## ഉത്തരാഖണ്ഡ് ജയിലിൽ 41 പേർക്ക് എച്ച്.ഐ.വി; വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടു

ഡെറാഡൂൺ: ഉത്തരാഖണ്ഡിൽ വനിതാ തടവുകാരിയടക്കം 41 പേർക്ക് എച്ച്.ഐ.വി ബാധ സ്ഥിരീകരിച്ചു. ഹൽദാനി ജില്ലയിലെ ജയിലിലെ തടവുകാർക്കിയിലാണ് കൂട്ട എച്ച്. ഐ വി ബാധ സ്ഥിരീകരിച്ചത്. ഇവരെ തുടർച്ചയായി നിരീക്ഷിക്കുകയാണെന്ന് ജയിൽ അധികൃതർ അറിയിച്ചു. എച്ച്. ഐ.വി സ്ഥിരീകരിച്ചവരെ



പ്രത്യേകമായി ക്രമീകരിച്ച് ചികിത്സാ കേന്ദ്രത്തിലേക്ക് മാറ്റി പാർപ്പിച്ചിരിക്കുകയാണ്. ദേശീയ എയ്ഡ്സ് കൺട്രോൾ ഓർഗൈനേഷന്റെ മാർഗ നിർദേശങ്ങൾ പ്രകാരമാണ് മരുന്നും ചികിത്സയും നൽകുന്നതെന്ന് സുശീല തിവാരി ആശുപത്രിയിലെ ഡോക്ടർമാർ അറിയിച്ചു. 1629 പുരുഷ തടവുകാരും 70 വനിതാ തടവുകാരുമാണ് ജയിലിലുള്ളത്. കൂടുതൽ പേർ രോഗബാധിതരാണോയെന്ന് അറിയാൻ ജയിലിനുള്ളിൽ പരിശോധന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. എത്രയും വേഗത്തിൽ രോഗബാധിതരെ കണ്ടെത്തി ചികിത്സ നൽകാനാണ് തീരുമാനമെന്ന് ജയിൽ അധികൃതർ അറിയിച്ചു. ഇത്രയും അധികം പേർക്ക് രോഗം സ്ഥിരീകരിച്ചതിൽ വിശദമായ അന്വേഷണം നടക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.



ചൈനാസ് പീപ്പിൾസ് ലിബറേഷൻ ആർമിയുടെ യുദ്ധവിമാനം തയ്‌വാന് മുകളിൽ പരിശീലന പറക്കൽ നടത്തുന്നു

# തയ്‌വാനെ ആക്രമിക്കാൻ ലക്ഷ്യമിട്ട് സൈനിക പരിശീലനം നടത്തി ചൈന

തായ്പേയ്: തയ്‌വാനു ചുറ്റും പ്രകോപനം ശക്തമാക്കി ചൈന. തയ്‌വാന്റെ വിവിധ പ്രദേശങ്ങളെ ലക്ഷ്യമിട്ടുള്ള ആക്രമണ പരിശീലനം നടത്തിവരുന്നതായി ചൈന അറിയിച്ചു. തയ്‌വാൻ പ്രസിഡന്റ് സായ് ഇങ് വെൻ അമേരിക്കൻ ജനപ്രിതിനിധിസഭാ സ്പീക്കർ കെവിൻ മക്കാർത്തിയുമായി ലോസ് ആഞ്ജലിസിൽ ചർച്ച നടത്തിയതിൽ പ്രതിഷേധിച്ചാണ് ചൈന മൂന്നു ദിവസത്തെ സൈനികാഭ്യാസം പ്രഖ്യാപിച്ചത്. സൈനികാഭ്യാസം അവസാന ദിവസത്തിലേക്ക് കടന്നതിനു പിന്നാലെ പ്രകോപനം ശക്തമാക്കുകയായിരുന്നു. റിപ്പബ്ലിക് ഓഫ് ചൈന എന്നറിയപ്പെടുന്ന തയ്‌വാന് സ്വന്തമായി ഭരണഘടനയും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുമുണ്ട്. എന്നാൽ ഇത് അംഗീകരിക്കാൻ ചൈന ഒരുക്കമല്ല. തയ്‌വാൻ തങ്ങളുടെ ഭാഗമാണെന്നും തയ്‌വാന്റെ ഭൂപ്രദേശത്തിനു മുകളിൽ തങ്ങൾക്കാണ് അവകാശമെന്നും വാദങ്ങളുന്നയിച്ചാണ് ചൈന നിരന്തരം തയ്‌വാനുമായി ഏറ്റുമുട്ടുന്നത്. തയ്‌വാന്റെ വിവിധ പ്രദേശങ്ങളെ ലക്ഷ്യമിട്ടുള്ള ആക്രമണപരിശീലനത്തിൽ എച്ച്-6 കെ പോർവിമാനങ്ങളിൽ യുദ്ധസജ്ജമായ പടക്കോപ്പുകളാണ് ഉപയോഗിക്കുന്നതെന്നും ഷാദോങ് വിമാനവാഹിനിക്കപ്പലുകളും പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ടെന്നും ചൈന പറയുന്നു. ആണവായുധം ഉപയോഗിക്കാൻ കഴിയുന്ന യുദ്ധവിമാനങ്ങളാണ് എച്ച് -6കെ. വ്യോമാഭ്യാസത്തിനു പുറമേ നാവിക വിഭാഗവും തയ്‌വാനു ചുറ്റും സൈനികാഭ്യാസം തുടരുന്നുണ്ട്. തങ്ങളുടെ അതിർത്തിക്ക് ചുറ്റും 70 യുദ്ധവിമാനങ്ങൾ ചൈന വിന്യസിച്ചതായും ഇതിൽ 35 വിമാനങ്ങൾ അതിർത്തിക്കുള്ളിൽ പ്രവേശിച്ചതായും തയ്‌വാൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

# രാജ്യത്ത് കൊവിഡ് വ്യാപനം രൂക്ഷം: പോസിറ്റിവിറ്റി നിരക്ക് ആറ് ശതമാനത്തിന് മുകളിൽ

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് വ്യാപനം രൂക്ഷമാകുന്നു. കഴിഞ്ഞ ദിവസത്തെ റിപ്പോർട്ട് അനുസരിച്ച് പ്രതിദിന പോസിറ്റിവിറ്റി നിരക്ക് 6.91 ശതമാനമായി ഉയർന്നു. ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡപ്രകാരം പോസിറ്റിവിറ്റി നിരക്ക് അഞ്ച് ശതമാനത്തിന് മുകളിലാണെങ്കിൽ കൊവിഡ് വ്യാപനം രൂക്ഷമാണെന്നാണ് കണക്കാക്കുക. ഒരു ദിവസത്തിനിടെ 5580 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. പോസിറ്റിവിറ്റി നിരക്കിൽ വലിയ വ്യത്യാസമാണുണ്ടാകുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ 3.39 ശതമാനമായിരുന്ന പോസിറ്റിവിറ്റി നിരക്ക് പിന്നീട് 5.63 ശതമാനമായി ഉയർന്നു. ആരോഗ്യ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം



ഇന്ന് സംസ്ഥാനങ്ങളിൽ കൊവിഡ് അവലോകന യോഗങ്ങൾ തുടരുകയാണ്. കേന്ദ്ര ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ സംസ്ഥാനങ്ങളോട് പരിശോധനയുടെ എണ്ണം കൂട്ടാൻ നിർദ്ദേശിച്ചിരുന്നു. ഡൽഹിയിലും മഹാരാഷ്ട്രയിലും കേരളത്തിലും പ്രതിദിന കൊവിഡ് കേസുകൾ വീണ്ടും കൂടി. മഹാരാഷ്ട്രയിൽ കേസുകൾ 900 കടന്നു. ഡൽഹിയിൽ ഒരു ദിവസത്തിനിടയിൽ കൊവിഡ് സ്ഥിരീകരിച്ചത് 733 പേർക്കാണ്. പോസിറ്റീവിറ്റി നിരക്ക് 20% ആയി ഉയർന്നു. ആകെ രോഗികളിൽ 32 ശതമാനത്തിൽ ഒമിക്രോൺ ഉപവകഭേദമായ എക്സ്ബിബിവൺ വൺസിക്സ് കണ്ടെത്തിയതായി ലാബുകളുടെ കൂട്ടായ്മയായ ഇൻസകോഗ് അറിയിച്ചു. ഗോവയിൽ സർക്കാർ ആശുപത്രികളിൽ കഴിയുന്ന രോഗികളിൽ കൊവിഡ് പരിശോധന തുടങ്ങി.

## മോദിയുടെ ക്രിസ്ത്യൻ പള്ളി സന്ദർശനം പ്രീണന നീക്കം; സുബ്രഹ്മണ്യം സ്വാമി

ന്യൂഡൽഹി: ഈസ്റ്റർ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ സേക്രഡ് ഹാർട്ട് ദേവാലയം സന്ദർശിച്ചതിനെതിരേ വിമർശനവുമായി മുൻ കേന്ദ്രമന്ത്രിയും വിരാട് ഹിന്ദുസ്ഥാൻ സംഘം പ്രസിഡന്റുമായ സുബ്രഹ്മണ്യം സ്വാമി. മോദി പള്ളി സന്ദർശിച്ചത് ബഹുമാനം കൊണ്ടാണോ അതോ തന്ത്രപരമായ നീക്കമാണോ എന്ന് അദ്ദേഹം ട്വിറ്ററിൽ ചോദിച്ചു. മോദിയുടേത് പ്രീണനനയമാണെന്നും ഹിന്ദുത്വത്തെ മോശമാക്കി കാണിക്കുകയാണെന്നും അദ്ദേഹം ട്വീറ്റ് ചെയ്തു. ആർച്ച് ബിഷപ്പ്



അനിൽ ക്യൂട്ടോ, സിറോ മലബാർ സഭ ഫരീദാബാദ് ആർച്ച് ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര, ഗുരുഗ്രാം സിറോ മലങ്കര രൂപത അധ്യക്ഷൻ തോമസ് മാർ അന്തോണിയോസ് എന്നിവർ ചേർന്ന് പ്രധാനമന്ത്രിയെ സ്വീകരിച്ചു. ദേവാലയത്തിൽ ഇരുപത് മിനിറ്റ് ചെലവഴിച്ച പ്രധാനമന്ത്രി അവിടെയുള്ള വിശ്വാസികൾക്ക് ഈസ്റ്റർ ആശംസ നേർന്നു. മോദി ഈസ്റ്റർ ദിനത്തിൽ ദേവാലയത്തിൽ എത്തിയതിൽ സന്തോഷം എന്നാണ് വിവിധ ക്രൈസ്തവ നേതാക്കൾ പ്രതികരിച്ചത്. ക്രൈസ്തവ സമുദായത്തെ കൂടെ നിർത്താൻ ബി.ജെ.പി നടത്തുന്ന നീക്കത്തിന്റെ തുടർച്ചയായാണ് പ്രധാനമന്ത്രിയുടെ സന്ദർശനവും വിലയിരുത്തപ്പെടുന്നത്. ഓർത്തഡോക്സ് സഭ ആസ്ഥാനം സന്ദർശിക്കാനുള്ള അധ്യക്ഷന്റെ ക്ഷണം നേരത്തെ മോദി സ്വീകരിച്ചിരുന്നു.

# തെരഞ്ഞെടുപ്പിൽ മത്സരിക്കാതിരിക്കാൻ തൃണമൂൽ നേതാവിന്റെ വീടിന് നേരെ ബോംബാക്രമണം

## കോൺഗ്രസുകാരനായ പിതാവ് അറസ്റ്റിൽ

കൊൽക്കത്ത: തെരഞ്ഞെടുപ്പിൽ മത്സരിക്കാതിരിക്കാൻ തൃണമൂൽ നേതാവായ മകന്റെ വീടിനുനേരെ പിതാവ് ബോംബാക്രമണം നടത്തി. പശ്ചിമ ബംഗാളിലെ മൂർഷിദാബാദിലാണ് തൃണമൂൽ കോൺഗ്രസ് നേതാവായ മകന്റെ വീടിന് നേരെ കോൺഗ്രസ് നേതാവായ പിതാവ് ബോംബെറിഞ്ഞത്. ടി.എം.സി യുവജനസംഘടന നേതാവായ അനിസുർ ഷെയ്ഖിന്റെ വീടിന് നേരെയാണ് 62കാരനായ പിതാവ് സഹിറുദ്ദീൻ ഷെയ്ഖ് ബോംബേറ് നടത്തിയത്. അക്രമത്തിൽ ആർക്കും പരുക്കേറ്റിട്ടില്ല. അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ താൻ മത്സരിക്കാതിരിക്കാൻ വേണ്ടിയാണ് പിതാവ് വീടിന് നേരെ അക്രമം നടത്തിയതെന്ന് അനിസുർ പറഞ്ഞു. അതേസമയം, മകൻ തന്നെ കള്ളക്കേസിൽ കുടുക്കിയതാണെന്നാണ് സഹിറുദ്ദീൻ പറയുന്നത്. മകനും ടി.എം.സി നേതാവായ മരുമകളുമാണ് കള്ളക്കേസിന് പിന്നിൽ. അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ സഹതാപം ലഭിക്കാൻ അനിസുർ തന്നെയാണ് വീടിന് നേരെ ബോംബേറ് നടത്തിയതെന്നും സഹിറുദ്ദീൻ ആരോപിച്ചു. 2018ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വേളയിൽ അനിസുറും ഭാര്യയും തൃണമൂൽ കോൺഗ്രസിൽ ചേർന്നതോടെയാണ് പിതാവുമായി അകന്നതെന്നാണ് പ്രദേശവാസികൾ പറയുന്നത്. അനിസുറിന്റെ പരാതിയിലാണ് സഹിറുദ്ദീനെ അറസ്റ്റ് ചെയ്തതെന്ന് പോലിസ് പറഞ്ഞു. സംഭവത്തിൽ വിശദമായ അന്വേഷണം തുടരുകയാണ്. സംഘർഷ സാധ്യത കണക്കിലെടുത്ത് മേഖലയിൽ പോലിസ് സന്നാഹത്തെ നിയോഗിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.



# അനുഗ്രഹം തേടിയെത്തിയ ബാലന്റെ ചുണ്ടിൽ ചുംബിക്കുന്ന വീഡിയോ: ദലൈലാമ മാപ്പു പറഞ്ഞു

ന്യൂഡൽഹി: അനുഗ്രഹം തേടി എത്തിയ കുട്ടിയുടെ ചുണ്ടിൽ ചുംബിക്കുന്ന വീഡിയോയ്ക്കെതിരേ വ്യാപക വിമർശനം ഉയർന്നതോടെ മാപ്പ് പറഞ്ഞ് ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമ. തന്നെ ആശ്ലേഷിക്കാൻ ആവശ്യപ്പെട്ട് ദലൈലാമയെ സമീപിച്ച കുട്ടിയുടെ ചുണ്ടിൽ അദ്ദേഹം ചുംബിക്കുകയും നാക്ക് പുറത്തേക്കിട്ട് അതിൽ നക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്ന വീഡിയോ ആണ് വിവാദമായത്. അതിനു പിന്നാലെ കുട്ടിയോടും കുടുംബത്തോടും ക്ഷമാപണവുമായി ദലൈലാമ രംഗത്തെത്തി. വീഡിയോ പ്രചരിച്ചതോടെ നിരവധി പേരാണ് ടിബറ്റൻ ആത്മീയ നേതാവിനെതിരേ രംഗത്തെത്തിയത്. എന്തിനാണ് കുട്ടിയോട് ഇങ്ങനെ ആവശ്യപ്പെട്ടത് എന്ന് ട്വിറ്റർ ഉപഭോക്താക്കളിൽ നിന്നും വിമർശനം ഉയർന്നു. തീർത്തും അനുചിതവും ആർക്കും നീതീകരിക്കാൻ സാധിക്കാത്തതുമായ പ്രവൃത്തിയാണ് ദലൈലാമയിൽ നിന്നുണ്ടായതെന്നും ഞങ്ങൾ കാണുന്നത് ദലൈലാമയെ തന്നെയാണോ എന്നും കുട്ടികളെ പീഡിപ്പിച്ചതിന് അറസ്റ്റ് ചെയ്യണം എന്നുമൊക്കെ ആളുകൾ ട്വിറ്ററിൽ പ്രതികരിച്ചു. ഇതോടെ പ്രസ്താവനകളുമായി അദ്ദേഹത്തിന്റെ ടീം രംഗത്തെത്തുകയായിരുന്നു. കാണുന്നവരോടെല്ലാം നിഷ്കളങ്കവും തമാശയോടെയുമുള്ള സമീപനവുമാണ് അദ്ദേഹം നടത്താറുള്ളതെന്ന് ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു. പൊതുസ്ഥലത്തും ക്യാമറകൾക്ക് മുന്നിലും താൻ കാണുന്ന ആളുകളെ നിഷ്കളങ്കമായും തമാശയായും അദ്ദേഹം കളിയാക്കാറുണ്ട്. ആ കുട്ടിയോടും കുടുംബത്തോടും ലോകമെമ്പാടുമുള്ള സുഹൃത്തുക്കളോടും തന്റെ വാക്കുകളുണ്ടാക്കിയ വേദനയ്ക്ക് ക്ഷമ ചോദിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. സംഭവത്തിൽ അദ്ദേഹം ഖേദിക്കുന്നുവെന്ന് അദ്ദേഹത്തിന്റെ ടീം പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. അടുത്തിടെ ദലൈലാമ എട്ടു വയസ്സുകാരനായ മംഗോളിയൻ ബാലനെ ബുദ്ധമതത്തിലെ മൂന്നാമത്തെ ഉന്നത ആത്മീയനേതാവായി തെരഞ്ഞെടുത്തിരുന്നു. 2019ൽ തന്റെ പിൻഗാമി ഒരു സ്ത്രീയായിരുന്നെങ്കിൽ അവർ കൂടുതൽ ആകർഷണം ഉള്ളയാളാവണമെന്ന അദ്ദേഹത്തിന്റെ പരാമർശത്തിനെതിരേ വിമർശനമുയരുകയും തുടർന്ന് അദ്ദേഹം മാപ്പ് പറയുകയും ചെയ്തിരുന്നു.



അനുഗ്രഹം തേടിയെത്തിയ ബാലന്റെ ചുണ്ടിൽ ചുംബിക്കുന്ന ദലൈലാമയുടെ ദൃശ്യം






# വ്യാഴാഴ്ചയ്ക്കകം പെൻഷൻ നൽകണം; കെ.എസ്.ആർ.ടി.സിയോട് ഹൈക്കോടതി

കൊച്ചി: മുൻ ജീവനക്കാർക്കുള്ള പെൻഷൻ വ്യാഴാഴ്ചയ്ക്കുള്ളിൽ നൽകണമെന്ന് കെ.എസ്.ആർ.ടി.സിയോട് ഹൈക്കോടതി. ഇല്ലെങ്കിൽ ചീഫ് സെക്രട്ടറിയും ഗതാഗത സെക്രട്ടറിയും നേരിട്ട് കോടതിയിൽ ഹാജരാകണമെന്നും ഉത്തരവിട്ടു. എല്ലാം മാസവും അഞ്ചാം തിയതിക്കകം പെൻഷൻ നൽകണമെന്നായിരുന്നു നേരത്തെ ഹൈക്കോടതി ഉത്തരവ്. ഇത് പാലിക്കപ്പെടാതായതോടെയാണ് കോടതിയുടെ ഇടപെടൽ. പെൻഷൻ വിതരണം മുടങ്ങിയിട്ട് രണ്ടുമാസമായി. ധനവകുപ്പും സഹകരണ വകുപ്പും തമ്മിലുള്ള തർക്കമാണ് പെൻഷൻ വൈകാൻ കാരണം. കടം നൽകുന്ന പണത്തിന്റെ പലിശയെച്ചൊല്ലിയാണ് ഇരുവകുപ്പുകളും തമ്മിൽ തർക്കം നിലനിൽക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഉറപ്പിൽ സഹകരണ വകുപ്പാണ് കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് പെൻഷൻ നൽകുന്നത്. എട്ടേകാൽ ശതമാനമാണ് പലിശ. ഇത് ഒൻപത് ശതമാനമായി ഉയർത്തണമെന്നാണ് സഹകരണ വകുപ്പ് ആവശ്യപ്പെടുന്നത്. എന്നാൽ, കരാർ പ്രകാരം ജൂൺവരെ പലിശ കൂട്ടാനാകില്ലെന്ന് ധനവകുപ്പ് പറയുന്നു. ഇക്കാര്യത്തിൽ പരിഹാരത്തിനായി പലതവണ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ മുന്നിട്ടിറങ്ങിയെങ്കിലും ധാരണയായില്ല.



മലബാറിന്റെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പ്രായോഗിക നിർദേശങ്ങൾ അടങ്ങിയ നിവേദനം മലബാർ ഡെവലപ്മെന്റ് കൗൺസിൽ പ്രസിഡന്റ് ഷെവലിയാർ സി.ഇ ചാക്കുണ്ണി മന്ത്രി അഹമ്മദ് ദേവർകോവിലിന് കൈമാറുന്നു

# ചാർട്ടേഡ് വിമാന - കപ്പൽ സർവീസ്: കേന്ദ്ര അനുമതി ലഭിച്ചാൽ ഉടൻ ആരംഭിക്കും: മന്ത്രി അഹമ്മദ് ദേവർകോവിൽ

കോഴിക്കോട്: കേന്ദ്രസർക്കാർ അനുമതി ലഭിച്ചാൽ യു.എ.ഇ കേരള സെക്ടറിൽ ചാർട്ടേഡ് വിമാന-കപ്പൽ യാത്രാ സർവീസ് ആരംഭിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേരള തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ മലബാർ ഡെവലപ്മെന്റ് കൗൺസിൽ പ്രതിനിധി സംഘത്തെ അറിയിച്ചു. ഈ ആവശ്യം അഭ്യർത്ഥിച്ച് കൗൺസിലിന്റെ നിവേദനം ലഭിച്ച ഉടനെ മുഖ്യമന്ത്രി പിണറായി വിജയൻ പരിശോധിച്ചു ഉചിതമായ നടപടിയെടുക്കാൻ തുറമുഖവകുപ്പ് മന്ത്രിയേയും, മാരിടൈം ബോർഡിനേയും ചുമതലപ്പെടുത്തിയതായി മന്ത്രി അറിയിച്ചു. വിഴിഞ്ഞം തുറമുഖ പ്രവർത്തനം പൂർത്തിയായാൽ കേരളത്തിലെ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ആഭ്യന്തരയാത്ര ചരക്ക് കപ്പൽ സർവീസ് ആരംഭിക്കാൻ പദ്ധതിയുണ്ടെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട് തുറമുഖ വകുപ്പ് ഗസ്റ്റ് ഹൗസിൽ നടന്ന കൂടിക്കാഴ്ചയിലാണ് മന്ത്രി ഇക്കാര്യങ്ങൾ അറിയിച്ചത്. മലബാറിന്റെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പ്രായോഗിക നിർദേശങ്ങൾ അടങ്ങിയ നിവേദനം കൗൺസിൽ പ്രസിഡന്റ് ഷെവലിയാർ സി.ഇ ചാക്കുണ്ണി മന്ത്രിക്ക് കൈമാറി. വൈസ് പ്രസിഡന്റ് ബേബി കിഴക്കെഭാഗം, സെക്രട്ടറി പി.ഐ അജയൻ, ആർ. ജയന്ത് കുമാർ, കെ.സെയ്ത് ഹാരിസ്, വി.കെ വിജയൻ എന്നിവർ മന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്തു. അടുത്ത ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ബേപ്പൂർ പോർട്ട് ഓഫിസിലോ, തിരുവനന്തപുരത്തോ യോഗം വിളിക്കാനും തീരുമാനിച്ചു.

# 50 ശതമാനം ഇടക്കാല ആശ്വാസം നൽകുക; തൃശൂരിൽ നഴ്സുമാർ നാളെ മുതൽ പണിമുടക്കും

തൃശൂർ: തൃശൂരിൽ ജില്ലയിലെ സ്വകാര്യ ആശുപത്രി നഴ്സുമാർ നാളെ (ചൊവ്വാഴ്ച്ച) മുതൽ പണിമുടക്കും. വിവിധ ആവശ്യങ്ങളുന്നയിച്ചാണ് പണിമുടക്കുന്നത്. 72 മണിക്കൂർ ഐ.സി.യു ഉൾപ്പെടെ ബഹിഷ്കരിക്കുമെന്ന് നേഴ്സുമാരുടെ സംഘടനയായ യു.എൻ.എ അറിയിച്ചു. പ്രതിദിന വേതനം 1500 രൂപയെങ്കിലുമാക്കി നിശ്ചയിക്കുന്നതിന് പുറമേ ആശുപത്രി മേഖലയിലെ കോൺട്രാക്ട്, ഡെയ്ലി വെയ്ജസ് നിയമ



നങ്ങൾ അവസാനിപ്പിക്കുക, ആശുപത്രിയിലെ രോഗി നഴ്സസ് അനുപാതം കൃത്യവും നിയമപരവുമായി നടപ്പിലാക്കുക, ലേബർ നിയമങ്ങൾ കർശനമായി നടപ്പിലാക്കുക, ലേബർ നിയമങ്ങൾ ലംഘിക്കുന്ന മാനേജ്മെന്റുകൾക്കെതിരേ ശക്തമായ നടപടി എടുക്കുക, ശമ്പളവർധനവ് വരുന്നത് വരെ അടുത്ത മാസം മുതൽ ശമ്പളത്തിന്റെ 50 ശതമാനമെങ്കിലും ഇടക്കാലാശ്വാസം നൽകുക തുടങ്ങിയ ആവശ്യങ്ങളുയർത്തിയാണ് സമരം. പ്രശ്ന പരിഹാരത്തിന് ലേബർ ഓഫിസറുമായി നടത്തിയ ചർച്ച പരാജയപ്പെട്ടിരുന്നു. തുടർന്നാണ് നാളെ സമരം നടത്താൻ സംഘടന തീരുമാനിച്ചത്.പ്രശ്നപരിഹാരമായില്ലെങ്കിൽ മെയ് ഒന്നു മുതൽ സംസ്ഥാനത്തുടനീളം അനിശ്ചിത കാല പണിമുടക്കിലേക്ക് നീങ്ങുമെന്ന് യു.എൻ.എ ഭാരവാഹികൾ അറിയിച്ചു. 50 ശതമാനം ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്ന ആശുപത്രികളെ സമ്പൂർണ പണിമുടക്കിൽ നിന്ന് ഒഴിവാക്കും. നാളെ കലക്ടറേറ്റ് മാർച്ചും തുടർന്ന് മൂന്ന് ദിവസവും കലക്ടറേറ്റിന് മുന്നിൽ കുത്തിയിരിപ്പ് സമരവും നടത്തും. കലക്ടറേറ്റ് മാർച്ച് ദേശീയ അധ്യക്ഷൻ ജാസ്മിൻഷാ ഉദ്ഘാടനം നിർവഹിക്കും.

## അരിക്കൊമ്പൻ വേണ്ട; ഹൈക്കോടതിയിൽ റിവ്യു ഹർജി നൽകും, പറമ്പിക്കുളത്ത് ഇന്ന് പ്രതിഷേധ സമരങ്ങൾ

പാലക്കാട്: ഇടുക്കിയെ വിറപ്പിച്ച അരിക്കൊമ്പനെ പറമ്പിക്കുളം കടുവാ സങ്കേതത്തിൽ കൊണ്ടുവിടാനുള്ള നീക്കത്തിനെതിരേ സർവകക്ഷി കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള ജനകീയ സമരങ്ങൾ ഇന്ന്. രാവിലെ 10.30ന് പറമ്പിക്കുളം കടുവാ സങ്കേതം ഡെപ്യൂട്ടി ഡയരക്ടറുടെ ഓഫിസിലേക്ക് പറമ്പിക്കുളം ഊരുകാർ പങ്കെടുക്കുന്ന മാർച്ച് നടത്തി. മുതലമട പഞ്ചായത്ത് അധ്യക്ഷ പി.കൽപ്പനാദേവി വിളിച്ച് ചേർത്ത സർവകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരമാണ് പറമ്പിക്കുളത്തെ സമരം. കെ.ബാബു എം.എൽ.എയുടെ നേതൃത്വത്തിൽ മുതലമട കാമ്പ്രത്തുചള്ളയിൽ ഇന്ന് രാവിലെ 10 മണിക്ക് ബഹുജന ധർണ നടത്തി. നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട്, നെന്മാറ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിവിധ പഞ്ചായത്തുകളിൽ നിന്നുമുള്ള ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ കർഷകർ ഉൾപ്പെടെ ഉള്ളവർ സമരത്തിൽ പങ്കെടുത്തു.



## ജോസ് കെ. മാണിയുടെ മകൻ ഓടിച്ച കാറിടിച്ച് രണ്ടുപേർ മരിച്ചു; പ്രതിയെ അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചു

കോട്ടയം: കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ. മാണിയുടെ മകൻ കെ.എം മാണി ജൂനിയർ ഓടിച്ച വാഹനം ഇടിച്ച് രണ്ടുപേർ മരിച്ചു. ശനിയാഴ്ച വൈകീട്ടായിരുന്നു അപകടം. ജോസ് കെ. മാണിയുടെ മകൻ ഓടിച്ച ഇന്നോവ കാർ സ്കൂട്ടറുമായി കൂട്ടിയിടിച്ചാണ് അപകടം ഉണ്ടായത്. മണിമല സ്വദേശികളായ ജിൻസ് ജോൺ, ജിൻസിന്റെ സഹോദരൻ ജിസ് എന്നിവരാണ് മരിച്ചത്. അപകടത്തെ തുടർന്ന് ജോസ് കെ. മാണിയുടെ മകന്റെ അറസ്റ്റ് രേഖപ്പെടുത്തി ജാമ്യത്തിൽ വിട്ടു. ആദ്യം കാർ ഡ്രൈവറുടെ പേരു പോലും രേഖപ്പെടുത്താതെയാണ് പോലിസ് എഫ്.ഐ.ആർ ഇട്ടത്. പിന്നീട്



ജിൻസ് ജോൺ, ജിസ്

പ്രതിഷേധം ശക്തമായതോടെയാണ് ജോസ് കെ. മാണിയുടെ മകനെ പ്രതി ചേർത്തത്. അമ്മയ്ക്ക് മരുന്നു വാങ്ങാൻ ഇവർ മെഡിക്കൽ ഷോപ്പിലേക്ക് പോയപ്പോഴായിരുന്നു അപകടം.

# ഇടത്, ബി.ജെ.പി അംഗങ്ങൾ വിട്ടുനിന്നു; കൊച്ചി കോർപറേഷനിൽ യു.ഡി.എഫിന്റെ അവിശ്വാസപ്രമേയം തള്ളി

കൊച്ചി: യു.ഡി.എഫ് കൊച്ചി കോർപറേഷൻ മേയർ എം. അനിൽകുമാറിനെതിരേ കൊണ്ടുവന്ന അവിശ്വാസപ്രമേയം തള്ളി. കോർപറേഷനിലെ ബി.ജെ.പി, ഇടത് അംഗങ്ങളുടെ അസാന്നിധ്യത്തിൽ ക്വാറം തികയ്ക്കാനായില്ല. ഇതോടെ അവിശ്വാസ പ്രമേയം ചർച്ചയ്ക്ക് എടുക്കാൻ കഴിയില്ലെന്ന് കലക്ടർ അറിയിക്കുകയായിരുന്നു. യു.ഡി.എഫിന്റെ 28 അംഗങ്ങൾ കൗൺസിൽ യോഗത്തിന് എത്തിയിരുന്നു. അവിശ്വാസം പരിഗണിക്കാൻ 37 അംഗങ്ങളുടെ പിന്തുണയാണ് വേണ്ടിയിരുന്നത്. എൽ.ഡി.എഫ്, ബി.ജെ.പി കൗൺസിലർമാർ യോഗത്തിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. നാല് യു.ഡി.എഫ് അംഗങ്ങളും എത്തിയില്ല. ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപിടുത്തത്തിന്റെ പശ്ചാത്തലത്തിലാണ് മേയർ അനിൽകുമാറിനെതിരേ യു.ഡി.എഫ് അവിശ്വാസപ്രമേയം കൊണ്ടുവരാൻ തീരുമാനിച്ചത്. 74 അംഗ കൗൺസിലിൽ മേയർക്കെതിരേ അവിശ്വാസ പ്രമേയത്തിന്മേൽ ചർച്ച നടക്കണമെങ്കിൽ പകുതി അംഗങ്ങൾ ഹാജരാകണമെന്നാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളത്. മാർച്ച് രണ്ടിന് വൈകിട്ട് ആണ് ബ്രഹ്മപുരത്തെ മാലിന്യ കൂമ്പാരത്തിന് തീപിടിച്ചത്. 12 ദിവസമെടുത്താണ് തീ അണച്ചത്. 110 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുകയാണ് മാലിന്യപ്ലാന്റ്. തീപടുത്തത്തെ തുടർന്ന് വ്യാപക പ്രതിഷേധം ഉയർന്നിരുന്നു.






അമൃത്പാൽ സിംഗും പപ്പൽപ്രീത് സിംഗും

## അമൃത്പാൽ സിംഗിന്റെ സഹായി പപ്പൽപ്രീത് സിംഗ് അറസ്റ്റിൽ

അമൃത്സർ: ഖലിസ്ഥാൻ വാദിയും വാരിസ് പഞ്ചാബ് ദേ തലവനുമായ അമൃത്പാൽ സിംഗിന്റെ അടുത്ത സഹായി പപ്പൽ പ്രീത് സിംഗിനെ ഹോഷിയാർപുരിൽ നിന്ന് പഞ്ചാബ് പോലിസിന്റെ കൗണ്ടർ ഇന്റലിജന്റ്സ് ടീം അറസ്റ്റ് ചെയ്തു. ഡൽഹി പോലിസ് സ്പെഷ്യൽ സെല്ലിന്റേയും സംയുക്ത പരിശോധനയിലാണ് പപ്പൽപ്രീത് അറസ്റ്റിലായത്. ജലന്ധറിൽ പോലിസിനെ വെട്ടിച്ച് രക്ഷപ്പെട്ട ശേഷം അമൃത്പാലും പപ്പലും ഒരുമിച്ച് തന്നെയായിരുന്നു. ഹോഷിയാർപുരിൽ എത്തിയ ശേഷം രക്ഷപ്പെടാനായി രണ്ട്പേരും രണ്ടുവഴിക്ക് പിരിഞ്ഞു. നേരത്തേ നേപ്പാളിലേയ്ക്ക് കടന്നുവെന്ന് സൂചിപ്പിക്കുന്ന വീഡിയോകളും ഫോട്ടോകളും അമൃത്പാലും പപ്പലും സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചിരുന്നു. തുടർന്ന് ഇന്ത്യയുടെ ആവശ്യപ്രകാരം നേപ്പാൾ അമൃത്പാലിനെതിരേ മുന്നറിയിപ്പ് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. അമൃത്പാലും പപ്പലും നിരന്തരം സ്ഥലം മാറിക്കൊണ്ടിരിക്കുന്നതിനിടെയാണ് പപ്പൽ പ്രീത് സിംഗ് അറസ്റ്റിലാവുന്നത്.

## രാഹുൽ ഗാന്ധിയെ ഹെലിപാഡിലെത്തി സ്വീകരിക്കും; പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങളിൽ അഭിപ്രായം പറയാനില്ല: കെ.മുരളീധരൻ

കോഴിക്കോട്: പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങളിൽ അഭിപ്രായം പറയാനില്ലെന്ന് കെ.മുരളീധരൻ. വൈക്കം ശതാബ്ദി വേദിയിൽ തന്നെ മനഃപൂർവം അവഗണിച്ചതടക്കമുള്ള വിവാദങ്ങളുടെ പിന്നാലെയാണ് കെ.മുരളീധരന്റെ ഈ അഭിപ്രായം. താൻ ഇപ്പോൾ പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങൾ പലതും പത്രം വായിച്ചാണ് അറിയുന്നതെന്നും അദ്ദേഹം വിമർശിച്ചിരുന്നു. ലോക്സ ഭാംഗത്വത്തിൽ നിന്ന് അയോഗ്യനാക്കപ്പെട്ടതിന് ശേഷം ആദ്യമായാണ് രാഹുൽഗാന്ധി വയനാട് സന്ദർശനത്തിന് എത്തുന്നത്. രാഹുൽഗാന്ധിക്ക് ഗംഭീര സ്വീകരണം ഒരുക്കാനാണ് കെ.പി.സി.സി തീരുമാനം. അതിനാൽ വയനാട്ടിൽ രാഹുൽ ഗാന്ധിയുടെ പരിപാടിയിൽ പങ്കെടുക്കുമെന്നും കെ.പി.സി.സിയുടെ മുദ്രാവാക്യം പ്രാവർത്തികമാക്കാൻ കൂടെയുണ്ടാകുമെന്നും മുരളി പറഞ്ഞു. പാർട്ടി നിലപാടുകളിൽ അതൃപ്തി പ്രകടിപ്പിച്ചതിന് പിന്നാലെ വയനാട്ടിലെ രാഹുൽ ഗാന്ധിയുടെ പരിപാടിയിൽ കെ. മുരളീധരൻ പങ്കെടുക്കില്ലെന്ന തരത്തിലുള്ള വാർത്തകൾ പ്രചരിച്ചിരുന്നു. എന്നാൽ, രാഹുലിനെ ഹെലിപാഡിലെത്തി സ്വീകരിക്കുമെന്നും ഇത് അദ്ദേഹത്തോടുള്ള ബഹുമാനം കൊണ്ടാണെന്നും നേരത്തെ മുരളീധരൻ പറഞ്ഞിരുന്നു. കേരളത്തിലെത്തുന്ന രാഹുൽ ഗാന്ധിക്കായി ഒരുക്കുന്ന സ്വീകരണത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നുള്ള പ്രവർത്തകരെ അണിനിരത്തിയുള്ള റാലിയാണ് സംഘടിപ്പിക്കാനൊരുങ്ങുന്നത്. പ്രിയങ്കാ ഗാന്ധിയും രാഹുൽഗാന്ധിക്കൊപ്പം നാളെ വയനാട് എത്തുന്നുണ്ട്. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ, കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ തുടങ്ങി സംസ്ഥാന കോൺഗ്രസിലെ മുതിർന്ന നേതാക്കളെല്ലാം നാളത്തെ വയനാട്ടിലെ പൊതുസമ്മേളനത്തിൽ പങ്കെടുക്കും.




## അരമനകളിൽ ബി.ജെ.പിക്ക് ലഭിക്കുന്ന സ്വീകാര്യത ആതിഥ്യമര്യാദയായി കണ്ടാൽ മതി: കാനം

തിരുവനന്തപുരം: അരമനകൾ എന്നത് ബി.ജെ.പിക്ക് പ്രവേശനം നിഷേധിക്കപ്പെട്ട ഇടങ്ങളല്ല. എന്നാൽ, നേതാക്കൾക്ക് അരമനകളിൽ ലഭിക്കുന്ന സ്വീകാര്യതയെ ആതിഥ്യമര്യാദയായി കണ്ടാൽ മതിയെന്നും വേറെ വ്യാഖ്യാനങ്ങൾ നൽകേണ്ടതില്ലെന്നും സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. ഈസ്റ്റർ ദിനത്തിൽ ബി.ജെ.പി നേതാക്കൾ ക്രിസ്ത്യൻ സഭാ മേലധികാരികളെ സന്ദർശിച്ചതിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. 'രാഷ്ട്രീയവും വിശ്വാസവും ലളിതമായ വിഷയമല്ല. മനുഷ്യന്റെ ജീവിതാനുഭവങ്ങളാണ് പ്രധാനം. അത് അനുസരിച്ചാണ് നിലപാടുകൾ ഉണ്ടാകുന്നത്. ബി.ജെ.പക്ക് പ്രവേശനം നിഷേധിക്കപ്പെട്ട ഇടങ്ങളല്ല അരമനകൾ. ആർക്കും പോകാവുന്ന ഇടങ്ങളാണ്. നേതാക്കൾ പോകട്ടെ, കാണട്ടെ', കാനം പറഞ്ഞു. മതമേലധ്യക്ഷന്മാർ പറയുന്ന നിലപാടിന് അപ്പുറം എല്ലാവർക്കും സ്വതന്ത്രമായ നിലപാടുണ്ടെന്ന്, മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ ബി.ജെ.പി അനുകൂല പ്രസ്താവനയോട് കാനം രാജേന്ദ്രൻ പ്രതികരിച്ചു.

ആലഞ്ചേരി പിതാവ് പറഞ്ഞത് അദ്ദേഹത്തിന്റെ വീക്ഷണമാണെന്നും കാനം കൂട്ടിച്ചേർത്തു. അതേസമയം, ഈസ്റ്റർ ദിനത്തിൽ സംഘടിപ്പിച്ച 'സ്നേഹയാത്ര' വിജയമായെന്ന വിലയിരുത്തലിലാണ് ബി.ജെ.പി നേതൃത്വം. ഇതിന് പിന്നാലെ വിഷു ദിനത്തിൽ ക്രൈസ്തവരായ അയൽക്കാരെ ബി.ജെ.പി നേതാക്കളുടേയും പ്രവർത്തകരുടേയും വീടുകളിലേക്ക് ക്ഷണിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.



എം.ഇ.എസ് അംഗങ്ങൾ മുഖേന നിർധന കുടുംബങ്ങളിലെ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള തയ്യൽ മെഷിനുകൾ എം. ഇ.എസ് പ്രസിഡന്റ് ഡോ.ഫസൽ ഗഫൂർ, സക്കാത്ത്സെൽ കൺവീനർ ഒ.കെ മുഹമ്മദ് അഷ്റഫിന് നൽകി വിതരണോദ്ഘാടനം നിർവഹിച്ചപ്പോൾ

# തൊഴിലുപകരണങ്ങൾ വിതരണം ചെയ്തു

കോഴിക്കോട്: എം.ഇ.എസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ നിർധന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി നൂറോളം തയ്യൽ മെഷിനുകൾ വിതരണം ചെയ്തു. എം.ഇ.എസ് അംഗങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള തയ്യൽ മെഷിനുകൾ എം. ഇ.എസ് പ്രസിഡന്റ് ഡോ.ഫസൽ ഗഫൂർ, സക്കാത്ത്സെൽ കൺവീനർ ഒ.കെ മുഹമ്മദ് അഷ്റഫിന് നൽകി വിതരണോദ്ഘാടനം നിർവഹിച്ചു. എം.ഇ.എസ് ജില്ലാ പ്രസിഡന്റ് പി.കെ അബ്ദുൽ ലത്തീഫ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എ.ടി.എം അഷ്റഫ് സ്വാഗതവും ട്രഷറർ കെ.വി സലിം നന്ദിയും പറഞ്ഞു. സംസ്ഥാന സെക്രട്ടറിമാരായ സി.ടി സക്കീർ, ഉസെൻ വി.പി, അബ്ദുറഹിമാൻ, ഡോ.ഹമീദ് ഫസൽ, പി.ടി ആസാദ്, ടി.പി.എം സജൽ മുഹമ്മദ്, ബി.എം സുധീർ, ആർ.കെ ശാഫി എന്നിവർ പ്രസംഗിച്ചു.

# കുരുതിക്കളമാകുന്ന 'തലശ്ശേരി ബസ് സ്റ്റാന്റ്'

**ചാലക്കര പുരുഷു**

തലശ്ശേരി: അപകടങ്ങൾ ക്ഷണിച്ചു വരുത്താൻ അധികൃതർ തന്നെ തലശ്ശേരി ബസ്സ്സ്റ്റാന്റിൽ 'കെണി'യൊരുക്കിയതിന്റെ ഒടുവിലത്തെ 'രക്ത സാക്ഷി'യാണ് കഴിഞ്ഞ ദിവസം ദാരുണമായി ബസ് തട്ടി മരണപ്പെട്ട യാത്രക്കാരൻ ഇല്ലത്ത് താഴെയിലെ ജയരാജൻ. ബസ് സ്റ്റാന്റിനകത്ത് ബസുകളുടെ തലങ്ങും വിലങ്ങുമായുള്ള നെട്ടോട്ടത്തിൽ യാത്രക്കാരുടെ ജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങൾ തലശ്ശേരി പുതിയ ബസ് സ്റ്റാന്റിൽ ആവർത്തിക്കപ്പെടുകയാണ്. നിർത്തിയിട്ട ബസിനരികിലൂടെ നടന്നുപോവുമ്പോൾ മുന്നറിയിപ്പില്ലാതെ പിന്നോട്ടെടുത്ത ബസ് തട്ടിത്തെറിച്ച 63 കാരൻ ഇരുബസുകൾക്കുമിടയിൽ കുടുങ്ങിയാണ് ഞെരിഞ്ഞമർന്ന് മരണപ്പെട്ടത്. നാടിന്റെ നാനാഭാഗത്തു നിന്നുമെത്തുന്ന ജനത്തിരക്കേറിയ ബസ് സ്റ്റാന്റാണിത്. ഇവിടെ പാലിക്കേണ്ട മിനിമം ജാഗ്രതയോ, ഗതാഗത നിയമങ്ങളോ പാലിക്കാതെയാണ് സ്റ്റാന്റിനകത്തെ ബസുകളുടെ നെട്ടോട്ടം. ഒരേ സമയം നാലു ഭാഗത്തു നിന്നും വന്നുപോവുന്ന നൂറോളം ബസുകളുടെ ബഹളങ്ങളാണിവിടെ. കേരളത്തിലെവിടേയും കാണാത്ത വിധം മൂന്ന് പ്രവേശന വഴികളും നാല് ഭാഗത്തേക്കുമുള്ള വഴികളുമുണ്ടിവിടെ. പാസഞ്ചർ ലോബിക്ക് പുറമെ ബസ് സ്റ്റാന്റിനകത്ത് തന്നെ ഒരു ബസ് കാത്തിരിപ്പ് കേന്ദ്രവുമുണ്ട്. ബസുകൾ പല വഴികളിലേക്ക് പോവുകയാണ്. ചില ബസുകൾ പ്രവേശന വഴിയിൽ തന്നെ നിർത്തി ആളെ ഇറക്കുകയും കയറ്റുകയും ചെയ്യും. ഈ സമയമെത്തുന്ന മറ്റ് ബസുകൾ എങ്ങനെയെങ്കിലും സ്റ്റാന്റിൽ കയറാനുള്ള വ്യഗ്രതയിൽ അതിവേഗത്തിൽ മുന്നിൽ നിർത്തിയതിനെ മറികടക്കും. ഇവ പിന്നീട് സ്റ്റാന്റിനുള്ളിൽ തന്നെ തലങ്ങും വിലങ്ങും നിർത്തിയിടും. നേരത്തെ ട്രാക്കിൽ കയറ്റി വച്ചവ പുറപ്പെടുന്നതും നോക്കി ഊഴമിട്ടൊരു കുതിപ്പാണ് പിന്നീട്. അപ്രതീക്ഷിതമായി ഇവ മുന്നോട്ടും പിന്നോട്ടും ഓടിക്കുമ്പോൾ ഇടയിൽ പെടുന്ന യാത്രക്കാർ ജീവൻ രക്ഷിക്കാൻ പരക്കംപായുകയാണ്. ഇങ്ങനെ സംഭവിക്കുന്ന അപകടങ്ങളും ദുരന്തങ്ങളും തലശ്ശേരി പുതിയ ബസ്സ്റ്റാന്റിനെ ഇടക്കിടെ കുരുതിക്കളമാക്കുകയാണ്. ഇക്കൂട്ടത്തിൽ ജീവൻ നഷ്ടപ്പെട്ടവരാണ് കണ്ണൂരിലെകടവത്ത്പുരയിൽ രതീഷ്, തിരുവങ്ങാട്ടെ ഞാലിക്കരമ്മൽ വീട്ടിൽ പി.വി ജാനകി, കൂത്തുപറമ്പ് ആമ്പിലാട്ടെ മാണിക്കോത്ത് കണ്ടിയിൽ കേളോത്ത് പ്രഭാകരൻ, മട്ടന്നൂർ ശിവപുരം വെമ്പടിയിലെ പുതിയപുരയിൽ എം.സി.ചന്ദ്രൻ, മുഴപ്പിലങ്ങാട്ടെ മച്യത്ത് സിറാജുദ്ദീൻ, എരഞ്ഞോളി മലാലിലെ നാലു വയസുകാരി ഐശ്വര്യ, അറുപത്കാരി കാളിയമ്മ, തുടങ്ങി പത്തോളംഹതഭാഗ്യർ. എല്ലാം മനുഷ്യക്കുരുതി. ഒരു അപകട മരണം നടന്നാൽ ഒരാഴ്ചയോളം നിയമപാലകർ ഇവിടെ ജാഗ്രത പാലിക്കും. പിന്നെ അപ്രത്യക്ഷരാവും. ചില നേരങ്ങളിൽ ഡ്യൂട്ടി പോലിസിനെ വരെ വിറപ്പിച്ചോടുന്ന ബസുകളേയും കാണാം. ഇത്തരക്കാരെ പോലിസിനും നിയന്ത്രിക്കാനാവുന്നില്ല. കണ്ണൂർ ഭാഗത്ത് നിന്ന് കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന ബസുകളെ ലോഗൻസ് റോഡ്വഴി തിരിച്ചുവിട്ട് ട്രാക്കിൽ വരാതെ ബസ് കാത്തിരിപ്പ് കേന്ദ്രം വഴി തിരിച്ചുവിട്ടാൽ ഒരു പരിധി വരെ അപകടം കുറയ്ക്കാനാവും.








1. ഗുജറാത്ത് ടൈറ്റൻസിനെതിരേയുള്ള റിങ്കുസിംഗിന്റെ ബാറ്റിങ് 2. മത്സരശേഷം റിങ്കുസിംഗും സഹതാരങ്ങളും വിജയാഹ്ലാദത്തിൽ

# അവിശ്വസനീയം റിങ്കു സിംഗ്...!

**അവാസാന ഓവറിൽ റിങ്കുസിംഗിന്റെ അഞ്ച് സിക്സിൽ ഗുജറാത്തിനെതിരേ വിജയം വെട്ടിപ്പിടിച്ച് കൊൽക്കത്ത. പഞ്ചാബിനെതിരേ ഹൈദരാബാദിന് എട്ട് വിക്കറ്റ് വിജയം. ശിഖർധവാ(99*)ന്റെ പോരാട്ടം വിഫലം.**

അഹമ്മദാബാദ്: ഒരു സസ്പെൻസ് ത്രില്ലറിന്റെ എല്ലാ ചാരുതയും നിറഞ്ഞുനിന്ന മത്സരത്തിനൊടുവിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ഗുജറാത്ത് ടൈറ്റൻസിനെതിരേ അവിശ്വസനീയ വിജയം. റാഷിദ് ഖാന്റെ ഹാട്രിക്കും റിങ്കു സിംഗിന്റെ അവസാന ഓവറിലെ അഞ്ച് സിക്സും ക്രിക്കറ്റ് പ്രേമികൾക്ക് ഇന്നലെ നൽകിയത് മികച്ച വിരുന്നു തന്നെയായിരുന്നു. ഐ.പി.എല്ലിലെ ഈ സീസണിൽ ഇതുവരെയുള്ള മത്സരങ്ങളിൽ ഏറ്റവും ത്രസിപ്പിച്ച മത്സരമായിരുന്നു ഇന്നലത്തേത്. ഗുജറാത്ത് ടൈറ്റൻസ് മുന്നോട്ടുവച്ച് 205 റൺസ് പിന്തുടർന്ന കൊൽക്കത്തക്ക് മൂന്ന് വിക്കറ്റ് ശേഷിക്കെ അവസാന ഓവറിൽ വേണ്ടിയിരുന്നത് 29 റൺസ്. വിജയം നേടണമെങ്കിൽ അത്ഭുതം സംഭവിക്കണമെന്ന സ്ഥിതി വിശേഷമായിരുന്ന കെ.കെ.ആറിന്. എന്നാൽ ഏവരേയും ഞെട്ടിച്ചുക്കൊണ്ട് റിങ്കു സിംഗ് (21 പന്തിൽ 48) കത്തിക്കയറിയപ്പോൾ അസംഭവീയമായത് സംഭവിച്ചു. കൊൽക്കത്തക്ക് മൂന്ന് വിക്കറ്റ് വിജയം. അവസാന ഓവർ എറിയാനെത്തിയ യഷ് ദയാലിന്റെ ആദ്യ പന്തിൽ ഉമേഷ് യാദവ് സിംഗിൾ നേടി റിങ്കു സിംഗിന് സ്ട്രൈക്ക് കൈമാറി. യഷ് ദയാലിന്റെ അടുത്ത് മൂന്ന് ഫുൾടോസുകളും റിങ്കു അനായസം അതിർത്തി കടത്തി. അതിസമ്മർദത്തിലായ യഷ്ദയാലിന് പിന്നീട് മത്സരത്തിലേത്ത് തിരിച്ചുവരാനായില്ല. അടുത്ത രണ്ട് പന്തുകളും റിങ്കു സിക്സിന് പറത്തി കൊൽക്കത്തക്ക് മിന്നും വിജയം സമ്മാനിച്ചു.


ആദ്യ 16 പന്തിൽ 18 റൺസ് മാത്രം നേടിയ റിങ്കു അവസാന അഞ്ച് പന്തിൽ 30 റൺസ് നേടിയാണ് കളിയുടെ ഗതി തിരിച്ചുവിട്ടത്. ഹാർദിക് പാണ്ഡ്യയുടെ അഭാവത്തിൽ റാഷിദ്ഖാനാണ് ഗുജറാത്തിനെ നയിച്ചത്. ടോസ് നേടി ബാറ്റിംഗിനെത്തിയ ഗുജറാത്ത് വിജയ് ശങ്കർ (24 പന്തിൽ 63), സായ് സുദർശൻ (38 പന്തിൽ 53) എന്നിവരുടെ ബലത്തിലാണ് നാലിന് 205 റൺസ് എന്ന നിലയിലെത്തിയത്. കൊൽക്കത്തക്ക് വേണ്ടി സുനിൽ നരെയ്ൻ മൂന്ന് വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിങ്ങിൽ 40 പന്തിൽ 83 റൺസ് അടിച്ചെടുത്ത വെങ്കിടേഷ് അയ്യരാണ് കൊൽക്കത്ത ഇന്നിങ്സിന് അടിത്തറ പാകിയത്. 45 റൺസെടുത്ത ക്യാപ്റ്റൻ നിതീഷ് റാണയുമൊത്ത് മികച്ച കൂട്ടുക്കെട്ടാണ് അയ്യർ ഉണ്ടാക്കിയത്. ഇരുവരേയും മടക്കി അൽസാരി ജോസഫ് ഗുജറാത്തിന് ബ്രേക്ക് ത്രൂ നൽകി. സ്കോർ 155ൽ നിൽക്കെ ആന്ദ്രേ റസ്സൽ(1), സുനൽ നരെയ്ൻ(0), ഷാർദൂൽ ഠാക്കൂർ(0) എന്നിവരെ റാഷിദ് ഖാൻ അടുത്തടുത്ത പന്തുകളിൽ പുറത്താക്കി ഹാട്രിക് തികച്ചു. റിങ്കുസിംഗാണ് കളിയിലെ താരം.

മറ്റൊരു മത്സരത്തിൽ പഞ്ചാബ് കിങ്സിനെതിരേ സൺറൈസേഴ്സ് ഹൈദരാബാദിന് എട്ട് വിക്കറ്റ് വിജയം. രണ്ട് തുടർ പരാജയങ്ങൾക്ക് ശേഷം ഹോംഗ്രൗണ്ടിൽ വീണ്ടുമിറങ്ങിയ ഹൈദരാബാദ് ഇത്തവണ കാണികളെ നിരാശരാക്കിയില്ല. കൃത്യമായ ബൗളിങ്ങിലൂടെ ശിഖർ ധവാൻ ഒഴികെയുള്ള പഞ്ചാബ് ബാറ്റ്സ്മാൻമാരെ അവർക്ക് പിടിച്ചുകൊട്ടാൻ സാധിച്ചു. 20 ഓവറിൽ 143 റൺസ് നേടാൻ മാത്രമേ പഞ്ചായബിന് കഴിഞ്ഞുള്ളൂ.

66 പന്തിൽ 99 റൺസുമായി ശിഖർ ധവാൻ പുറത്താകതെ നിന്നു. എസ്.ആർ.എച്ചിന് വേണ്ടി മായങ്ക് മാർക്കണ്ടേ നാലും മാർക്കോ ജാൻസനും ഉമ്രാൻ മാലിക്കും രണ്ട് വീക്കറ്റ് വീതവും വീഴ്ത്തി. മറുപടി ബാറ്റിങ്ങിൽ 17.1 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ എസ്.ആർ.എച്ച് ലക്ഷ്യം കണ്ടം. 48 പന്തിൽ 74 റൺസുമായി രാഹുൽ ത്രിപാഠിയു 21 പന്തിൽ 37 റൺസുമായി എയ്ഡൻ മർക്രമും പുറത്താകതെ നിന്നു. ശിഖർ ധവാനാണ് കളിയിലെ താരം.



ഹൈദരാബാദിനെതിരേ ശിഖർ ധവാന്റെ ബാറ്റിങ്



## 'ഏജന്റ്' കേരളാ പ്രൊമോഷന് തുടക്കം: മമ്മൂട്ടിയുടെ 50 അടി കട്ടൗട്ട് ഒരുക്കി അണിയറ പ്രവർത്തകർ

മമ്മൂട്ടി കേണൽ മഹാദേവനായെത്തുന്ന പാൻ ഇന്ത്യൻ മാസ് ആക്ഷൻ ചിത്രമാണ് ഏജന്റ്. ചിത്രത്തിന്റെ പ്രചരണാർത്ഥം ഇന്ന് കോഴിക്കോട് നഗരത്തിലെ എ.ആർ.സി കോർണേഷൻ തിയേറ്ററിൽ മമ്മൂട്ടിയുടെ 50 അടി ഉയരത്തിലുള്ള കട്ടൗട്ട് കേരളാ ഡിസ്ട്രിബ്യൂട്ടേഴ്സ് ആയ യൂലിൻ പ്രൊഡക്ഷൻസ് അവതരിപ്പിച്ചു. ചടങ്ങിൽ യൂലിൻ പ്രൊഡക്ഷൻസ് സാരഥികളായ അഖിൽ മുരളി, ആഷിക് മുരളി എന്നിവരും ഓൾ കേരള മമ്മൂട്ടി ഫാൻസ് അസോസിയേഷൻ അംഗങ്ങളും പങ്കെടുത്തു. ഏജന്റ് പ്രൊമോഷൻ ഇന്റർവ്യൂവിൽ അഖിൽ അഖിനേനി മമ്മൂട്ടിയെക്കുറിച്ചു പങ്കുവച്ച കാര്യങ്ങൾ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. 'ഏജന്റിൽ റോ ചീഫ് ആയി മമ്മൂട്ടി സാറാണ് അഭിനയിക്കുന്നത്. അദ്ദേഹത്തിന്റെ ടീമിലാണ് താനെന്നും അദ്ദേഹവുമായി ഒരുമിച്ചുള്ള ഒരുപാടു ആക്ഷൻ സീനുകൾ ഉള്ള ചിത്രമാണ് ഏജന്റെന്നും അഖിൽ മനസ്സ് തുറന്നു'. തെലുഗിലെ യുവതാരം അഖിൽ അഖിനേനിയും മമ്മൂട്ടിയും ആദ്യമായി ഒരുമിക്കുന്ന ചിത്രം ഏപ്രിൽ 28ന് മലയാളം, തെലുങ്ക്, ഹിന്ദി, തമിഴ്, കന്നഡ ഭാഷകളിൽ ലോകവ്യാപകമായി റിലീസ് ചെയ്യും. സുരേന്ദർ റെഡ്ഡി രചനയും സംവിധാനവും നിർവഹിക്കുന്ന ഈ ചിത്രത്തിൽ നവാഗതയായ സാക്ഷി വൈദ്യ നായികാ വേഷം ചെയ്തിരിക്കുന്നു. ഹിപ്പോപ്പ് തമിഴൻ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്ന ഈ ചിത്രത്തിന് ക്യാമറ ചലിപ്പിച്ചത് രാകുൽ ഹെരിയനും എഡിറ്റ് ചെയ്തിരിക്കുന്നത് നവീൻ നൂലിയുമാണ്. ആക്ഷൻ രംഗങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഈ ചിത്രത്തിന് വേണ്ടി വമ്പൻ മേക്കോവറാണ് അഖിൽ അക്കിനേനി നടത്തിയിരിക്കുന്നത്. ഹൈദരാബാദ്, ഡൽഹി, ഹംഗറി എന്നിവിടങ്ങളിലൊക്കെയായി ഷൂട്ട് ചെയ്ത ഈ ചിത്രം എ.കെ എന്റർടൈൻമെന്റ്സിന്റേയും സുരേന്ദർ 2 സിനിമയുടെയും ബാനറിൽ രാമബ്രഹ്മം സുങ്കരയാണ് നിർമിക്കുന്നത്. പി.ആർ.ഓ: പ്രതീഷ് ശേഖർ.




## തമിഴ്നാട് ഗവർണർക്കെതിരേ പുതിയ പ്രമേയവുമായി മുഖ്യമന്ത്രി സ്റ്റാലിൻ



ചെന്നൈ: തമിഴ്നാട് ഗവർണർ ആർ.എൻ രവിക്കെതിരേ പുതിയ പ്രമേയവുമായി മുഖ്യമന്ത്രി എം. കെ സ്റ്റാലിൻ. സംസ്ഥാന നിയമസഭ പാസാക്കിയ ബില്ലുകൾ പാസാക്കിയില്ലെന്നും ജനങ്ങളുടെ ക്ഷേമത്തിന് വിരുദ്ധമായാണ് ഗവർണർ പ്രവർത്തിക്കുന്നതെന്നും പ്രമേയത്തിൽ അദ്ദേഹം പറഞ്ഞു. ഗവർണർക്കെതിരേ മുഖ്യമന്ത്രി കൊണ്ടുവരുന്ന രണ്ടാമത്തെ പ്രമേയമാണിത്.

ഗവർണർ നിഷ്പക്ഷനായിരിക്കണമെന്ന് സർക്കാരിയ കമ്മിഷൻ പറഞ്ഞു. സംസ്ഥാനത്തിന്റെ അധികാരത്തിൽ ഗവർണർ ഇടപെടേണ്ടതില്ലെന്ന് ഡോ. അംബേദ്കർ പറഞ്ഞു. ഗവർണർ ഒരു വഴികാട്ടിയായിരിക്കണമെന്ന് സുപ്രീം കോടതിയുടെ പല ഉത്തരവുകളും പറഞ്ഞിട്ടുണ്ട്. പക്ഷേ നമ്മുടെ ഗവർണർ ജനങ്ങളുടെ സുഹൃത്താകാൻ തയ്യാറല്ല, അദ്ദേഹം സഭയിൽ പറഞ്ഞു. തമിഴ്നാട്ടുകാർക്ക് അനുകൂലമായി പാസാക്കിയ ബില്ലുകളെ ഗവർണർ പൊതുവേദിയിൽ വിമർശിക്കുകയും ജനങ്ങളുടെ ക്ഷേമത്തിന് എതിരായി നിൽക്കുകയും ചെയ്യുന്നു. ഓൺലൈൻ ചൂതാട്ട നിരോധന ബില്ലിന് അനുമതി നൽകാൻ അദ്ദേഹം വിസമ്മതിച്ചു. ഭരണഘടനയനുസരിച്ച് ഒരു ബിൽ ഗവർണർ മടക്കി അയക്കുകയും അതേ ബിൽ ഒരിയ്ക്കൽകൂടി പാസാക്കി തിരിച്ചയക്കുകയും ചെയ്താൽ ഗവർണർ അതിന് അനുമതി നൽകണം. ബില്ലുകളെ കുറിച്ച് തെറ്റായ വിവരങ്ങളാണ് അദ്ദേഹം നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.നിയമസഭ പാസാക്കിയ ബില്ലുകൾക്ക് നിശ്ചിത സമയത്തിനുള്ളിൽ അനുമതി നൽകാൻ തമിഴ്നാട് ഗവർണർക്ക് നിർദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും രാഷ്ട്രപതി ദ്രൗപതി മുർമുവിനോടും ആവശ്യപ്പെട്ട പ്രമേയം മന്ത്രി ദുരൈ മുരുകൻ ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചു. ഡി.എം.കെയും സഖ്യകക്ഷികളും പ്രമേയത്തിന് അനുകൂലമായി വോട്ടുചെയ്തു. എ.ഐ.എ.ഡി.എം.കെ പ്രതിനിധികൾ ഇറങ്ങിപ്പോയി.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.